# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 08-02-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയിലെയും മലേഷ്യയിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധം ആഴത്തിലുള്ളതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മലേഷ്യൻ പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ച ഇന്ന്.

   **Prime Minister Narendra Modi highlights deep personal and people-to-people ties between India and Malaysia; PM to hold talks with his Malaysian counterpart today.**

2. ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാറിലൂടെ കയറ്റുമതി ഉത്പന്നങ്ങൾക്കുള്ള നികുതി 18 ശതമാനമായി കുറച്ചതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   **Commerce and Industry Minister Piyush Goyal has said, 50 percent reciprocal tariff has now been reduced to18 percent under the India-US interim trade agreement for the Indian Exports.**

3. ഛത്തിസ്ഗഢിൽ 51 മാവോയിസ്റ്റുകൾ സുരക്ഷ സേനയ്ക്ക് മുന്നിൽ കീഴടങ്ങി.

   **Fifty-one Maoists surrender in Bijapur and Sukma districts in Chhattisgarh.**

4. സിയാൽ എയ്റോ പാർക്ക് ആദ്യ ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.

   **In Kerala, Chief Minister Pinarayi Vijayan will inaugurate the first phase of the CIAL Aero Park tomorrow.**

5. അണ്ടർ-19 സാഫ് കപ്പ് ഫുട്ബോൾ വനിതാ ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യക്ക്. സന്തോഷ് ട്രോഫിയിൽ എട്ടാം കിരീടം ലക്ഷ്യമിട്ട് കേരളം ഇന്ന് സർവീസസിനെ

നേരിടും.

**India won the Under-19 SAFF Cup Women's Football Championship. Kerala will face Services today, aiming for their eighth Santosh Trophy title.**

6. **യുക്രേനിലെ ഊർജ്ജ സംവിധാനങ്ങൾക്ക് നേരെ വ്യോമാക്രമണം നടത്തി റഷ്യ.**

**Russia launches large scale air attack on Ukrainian energy facilities.**

*************************************

## PM - MALAYSIA (INTRO)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി മലേഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. ക്വാലാലംപൂരിൽ ഇന്ത്യൻ സമൂഹത്തെ ഇന്നലെ അഭിസംബോധന ചെയ്ത അദ്ദേഹം ഇന്ത്യയിലെയും മലേഷ്യയിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പരാമർശിച്ചു. 15,000 ത്തോളം പേർ പങ്കെടുത്ത പരിപാടിയിൽ ഇന്ത്യൻ പ്രവാസികൾ ഇരു രാജ്യങ്ങളുടെയും ഹൃദയങ്ങളെ ബന്ധിപ്പിക്കുന്ന ജീവനുള്ള പാലമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

(ഹോൾഡ് പി എം വോയിസ്...)

2024-ൽ ഇന്ത്യ - മലേഷ്യ ബന്ധം സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർന്നതായി പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് പ്ലാറ്റ്ഫോമായ യുപിഐ ഉടൻ തന്നെ മലേഷ്യയിൽ ആരംഭിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

*************************************

## GOYAL-INDIA US

ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാറിലൂടെ ഇന്ത്യൻ കയറ്റുമതി ഉത്പന്നങ്ങൾക്കുള്ള 50 ശതമാനം നികുതി 18 ശതമാനമായി കുറച്ചതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ ഇന്ത്യ-യുഎസ് സംയുക്ത

പ്രസ്താവനയെക്കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചൈന, പാകിസ്ഥാൻ, ബംഗ്ലാദേശ്, വിയറ്റ്നാം തുടങ്ങിയ അയൽരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ കുറഞ്ഞ നികുതി നിരക്കാണുള്ളത്. രാജ്യത്തെ കാർഷിക-ക്ഷീര മേഖലകളെ സംരക്ഷിക്കുന്നതാണ് ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാറെന്നും മന്ത്രി പറഞ്ഞു. സുഗന്ധവ്യഞ്ജനങ്ങൾ, ചായ, കാപ്പി, കശുവണ്ടി, ചെസ്റ്റ് നട്ട്, അവോക്കാഡോ, മാമ്പഴം, കിവി, പപ്പായ തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾക്ക് അമേരിക്കയിൽ ഇനി മുതൽ നികുതി ഉണ്ടാവില്ലെന്നും ശ്രീ പീയുഷ് ഗോയൽ അറിയിച്ചു.

************************************

## SEYCHELLES PREZ-VISIT

അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനി മുംബൈയിൽ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാളുമായി കൂടിക്കാഴ്ച നടത്തി. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി സംഘടിപ്പിച്ച ഇന്ത്യ-സീഷെൽസ് ബിസിനസ് റൗണ്ട് ടേബിളിൽ ഇരുവരും പങ്കെടുത്തു. ഇന്ത്യയിലെയും സീഷെൽസിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധം, സമുദ്ര മേഖലയിലെ സഹകരണം തുടങ്ങിയവയിൽ അധിഷ്ഠിതമായ വിശ്വസനീയ പങ്കാളിത്തമാണ് ഇരു രാജ്യങ്ങളും തമ്മിലുള്ളതെന്ന് ശ്രീ സോനോവാൾ പറഞ്ഞു.

************************************

## AMIT SHA J-K MEETING

ജമ്മു കശ്മീരിലെ വികസന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. കേന്ദ്ര ഭരണ പ്രദേശത്തെ പ്രധാന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിന് കേന്ദ്ര മന്ത്രി നിർദ്ദേശം നൽകി. നിക്ഷേപം, വ്യവസായം, കായികം, എന്നിവയിലെ വളർച്ച ത്വരിതപ്പെടുത്തുകയും ജമ്മു കശ്മീർ കൂടുതൽ വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ മുൻഗണനയെന്നും അദ്ദേഹം വ്യക്തമാക്കി.

************************************

## ARMY CHIEF-POONCH VISIT

കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി കശ്മീരിലെ പൂഞ്ച് ജില്ലയിൽ സന്ദർശനം നടത്തി. സേനാംഗങ്ങളുമായി ആശയവിനിമയം നടത്തിയ അദ്ദേഹം സൈനിക വിന്യാസം, അതിർത്തി പോസ്റ്റുകളിലെ മുന്നൊരുക്കങ്ങൾ തുടങ്ങിയവ വിലയിരുത്തി.

************************************

## VAISHNAW (INTRO)

സെമികണ്ടക്ടർ നിർമ്മാണ ആവാസ വ്യവസ്ഥയുടെ വികസനത്തിൽ ഇന്ത്യ വലിയ പുരോഗതി കൈവരിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ക്വാൽകോം നിർമ്മിച്ച 2-നാനോമീറ്റർ സെമികണ്ടക്ടർ ചിപ്പ് ബെംഗളൂരുവിൽ പുറത്തിറക്കിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധി, സെമികണ്ടക്ടർ മേഖലയിൽ ആഗോളതലത്തിൽ സമ്പൂർണ്ണ സാങ്കേതിക പരിഹാരങ്ങൾ നൽകാൻ ഇന്ത്യയ്ക്ക് സാധിക്കുമെന്നും കേന്ദ്രമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

(ഹോൾഡ് വോയിസ്...)

************************************

## MEGHALAYA-BLAST

മേഘാലയയിലെ, താങ്സ്കോ മേഖലയിൽ ഖനിയിലുണ്ടായ സ്ഫോടനത്തിൽ മരണസംഖ്യ 27 ആയി. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. സംഭവത്തെ തുടർന്ന് മേഖലയിലെ അനധികൃത ഖനനത്തിനെതിരെ ജില്ലാ ഭരണകൂടം നടപടികൾ ശക്തമാക്കി. പരിശോധനകളിൽ, ഉംലാവാങ്ങിന് കീഴിലുള്ള 9 സ്ഥലങ്ങളിൽ നിന്ന് ഏകദേശം 3,197 മെട്രിക് ടൺ കൽക്കരി പിടിച്ചെടുത്തു.

************************************

## CHHATTISGARH SURRENDER

ഛത്തിസ്ഗഢിലെ ബസ്തർ ഡിവിഷനിലെ ബിജാപുർ, സുക്മ ജില്ലകളിൽ 51 മാവോയിസ്റ്റുകൾ സുരക്ഷ സേനയ്ക്ക് മുന്നിൽ കീഴടങ്ങി. ഇതിൽ 20 പേർ സ്ത്രീകളാണ്. ഇവരെ പിടികൂടുന്നവർക്ക് ഒരു കോടി 61 ലക്ഷം രൂപയുടെ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. അത്യാധുനിക ആയുധങ്ങൾ സുരക്ഷ ഉദ്യോഗസ്ഥർ കൈമാറുകയും ചെയ്തു.

************************************

## UPSC- CALL CENTRE

ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനായുള്ള UPSC കോൾ സെന്ററിന്റെ പ്രവർത്തന സമയം നീട്ടി. 2026 ലെ സിവിൽ സർവീസസ് പരീക്ഷക്കും ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പരീക്ഷയ്ക്കും അപേക്ഷാ ഫോമുകൾ സമർപ്പിക്കുന്ന അവസാന തീയതി വരെ ശനി, ഞായർ, അവധി ദിവസങ്ങൾ ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും കോൾ സെന്റർ പ്രവർത്തിക്കും.

************************************

## AAI- BHARAT TAXI

രാജ്യത്തെ ആദ്യ സഹകരണ റൈഡ്-ഹെയ്‌ലിംഗ് പ്ലാറ്റ്ഫോമായ ഭാരത് ടാക്സിയുമായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ധാരണാപത്രത്തിൽ ഏർപ്പെട്ടു. വിമാനത്താവളങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായ ക്യാബ് സേവനങ്ങൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായിയാണ് ഇത്.

*************************************

## KERALA SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ഈ മാസം 21 ന് അന്തിമ വോട്ടർ പട്ടിക പ്രസദ്ധികരിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

*************************************

## PARIKSHA PE CHARCHA

പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം നാളെ. രാവിലെ 10 മണി മുതൽ പരിപാടി പ്രക്ഷേപണം ചെയ്യും. തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിക്കുന്നതാണ് രണ്ടാം ഭാഗം. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും യുട്യൂബ് ചാനലിലും പരിപാടി ലഭ്യമാകും.

*************************************

## CIAL AERO PARK - CM

സിയാൽ എയ്റോ പാർക്ക് ആദ്യ ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. ഏവിയേഷൻ മേഖലയിലെ അറ്റകുറ്റപ്പണികൾ, പരിശീലനം, സാങ്കേതിക സഹായ

സേവനങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് പാർക്കിന്റെ ലക്ഷ്യം. കൊച്ചി വിമാനത്താവളത്തോട് ചേർന്നുള്ള 36 ഏക്കറിലാണ് എയ്റോപാർക്ക് സജ്ജമാക്കിയിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 101 കോടി രൂപയുടെ പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്.

************************************

## SAFF FOOTBALL

അണ്ടർ-19 സാഫ് കപ്പ് ഫുട്ബോൾ വനിതാ ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യക്ക്. നേപ്പാളിൽ നടന്ന ഫൈനലിൽ ബംഗ്ലാദേശിനെ ഏകപക്ഷീയമായ 4 ഗോളുകൾക്ക് തകർത്താണ് ഇന്ത്യയുടെ ജയം. ക്യാപ്റ്റൻ ജൂലാൻ നോങ്മൈതം, എലിസബത്ത് ലക്ര, പേൾ ഫെർണാണ്ടസ്, അൻവിത രഘുരാമൻ എന്നിവരുടെ മികച്ച പ്രകടനമാണ് കിരീട നേട്ടത്തിന് പിന്നിൽ.

************************************

## SANTHOSH TROPHY (INTRO)

എട്ടാം സന്തോഷ് ട്രോഫി കിരീടം ലക്ഷ്യമിട്ട് കേരളം ഇന്ന് സർവീസസുമായി ഏറ്റുമുട്ടും. ഉച്ചയ്ക്ക് ഒരു മണിക്ക് അസമിലാണ് മത്സരം. സെമിയിൽ പഞ്ചാബിനെ പരാജയപ്പെടുത്തിയാണ് കേരളം ഫൈനലിലെത്തിയത്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു...**

(വോയിസ്....)

************************************

## RUSSIA-UKRAINE

യുക്രേനിയൻ ഊർജ്ജ സംവിധാനങ്ങൾക്ക് നേരെ റഷ്യ വ്യോമാക്രമണം നടത്തി. 400-ലധികം ഡ്രോണുകളും 40-ഓളം മിസൈലുകളും റഷ്യ, ആക്രമണത്തിൽ ഉപയോഗിച്ചതായി യുക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി പറഞ്ഞു. രണ്ട് താപവൈദ്യുത നിലയങ്ങൾക്കെതിരെയും പവർ ഗ്രിഡുകൾ, സബ്സ്റ്റേഷനുകൾ എന്നിവക്കെതിരെയും ആക്രമണം ഉണ്ടായതായി യുക്രൈൻ അറിയിച്ചു. ആക്രമണം സംബന്ധിച്ച് റഷ്യ പ്രതികരിച്ചിട്ടില്ല.

*************************************

## T20 CRICKET

ഐസിസി പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ അമേരിക്കയ്ക്കെതിരെ ഇന്ത്യയ്ക്ക് 29 റൺസ് വിജയം. ഇന്നലെ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഇന്ത്യ ഉയർത്തിയ 162 റൺസ് വിജയലക്ഷ്യം പിന്തുടർന്ന അമേരിക്കയ്ക്ക് നിശ്ചിത ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 132 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. ഇന്ത്യയ്ക്ക് വേണ്ടി മുഹമ്മദ് സിറാജ് 3 വിക്കറ്റും അർഷ്ദീപ് സിംഗ്, അക്സർ പട്ടേൽ എന്നിവർ 2 വിക്കറ്റും വീഴ്ത്തി.

*************************************

## RSS CHIEF BHAGWAT

വ്യത്യസ്ത മതങ്ങൾക്ക് ഉപരിയായി, രാജ്യത്തെ എല്ലാ പൗരന്മാരും ഒരേ വംശപരമ്പരയും സാംസ്കാരിക പൈതൃകവും പങ്കിടുന്നവരാണെന്ന് ആർഎസ്എസ് മേധാവി മോഹൻ ഭാഗവത്. RSS ശതാബ്ദി ആഘോഷവുമായി ബന്ധപ്പെട്ട് ഇന്നലെ മുംബൈയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

*

**************

*************************************************************